## ADJOURNMENT MOTIONS.

MR. PRESIDENT : ഇന്നു് രണ്ടു അടിയന്തിരപ്രമേയങ്ങൾക്കു് നോട്ടീസ്സു് കിട്ടീട്ടുണ്ടു്. മി. കണ്ണാറെ ഗോപാലപ്പണിക്കരുടേതാണു് അവ. അതു് "തിരുവിതാംകൂറിൽ പ്രീ യൂണിവേർസിറ്റി ക്ലാസ്സു് നിറുത്തൽ ചെയ്യണമെന്നും ജൂണിയർ ഇൻറർമീഡിയറു് ക്ലാസ്സു് തുടർന്നു നടത്തണമെന്നുമുള്ള പൊതുജനാഭിപ്രായത്തെ അവഗണിച്ചു് യൂണിവേർസിറ്റി കാരേജിൽ ഇക്കൊല്ലം ജൂണിയർ ഇൻറർമീഡിയറു് ക്ലാസ്സു് ഉണ്ടായിരിക്കുന്നതല്ലെന്നും പകരം പ്രീ യൂണിവേർസിററി ക്ലാസ്സു് നടത്തുന്നതാണെന്നും അധികൃതർ പരസ്യപ്പെടുത്തുകയും അപേക്ഷകരെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നതായി കാണുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള പരിഭ്രമത്തേയും നിരാശയേയും ഒവ്വെഷമ്യത്തേയുംകുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കുണമെന്നു് ഞാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നു." ഇതു് പ്രമേയത്തിന്റെ ഫോമിൽ അല്ലാ അയച്ചിരിക്കുന്നതു് എന്നു പറയാതെ നിവൃത്തിയില്ല. പക്ഷെ അതിൽ വിവരിച്ചിരിക്കുന്ന സംഗതി വളരെ പ്രാധാന്യമുള്ളതുകൊണ്ടും പൊതുവേ അടുത്തകാലത്തു് സംഭവിച്ചിട്ടുള്ളതായതുകൊണ്ടും അതിനെപ്പററി ചർച്ച ചെയ്യേണ്ടതാണെങ്കിലും ഈ പ്രമേയത്തിനു് നോട്ടീസ്സു് ഇല്ലെന്നാണു് മന്ത്രിസ്ഥാനത്തു നിന്നും പറയുന്നതു്.

MR. KANNARA GOPALA PANICKER : നോട്ടീസ് കൊടുത്തിട്ടുണ്ടു്.

HONOURABLE MR. T. M. VARGHESE : അതു് നോട്ടീസാണെന്നു ഞാൻ വിചാരിച്ചില്ല. ഇന്നലത്തേക്കു് വാദപ്രതിവാദത്തിനു് അയച്ചിട്ടുള്ള ഒരു അടിയന്തിരപ്രമേയത്തിന്റെ പ്രതി അടങ്ങിയ ഒരു കത്തു് എനിക്കു് തന്നിട്ടുണ്ടു്. അതു് ഒരു നോട്ടീസ്സല്ലെന്നാണു് ഞാൻ വിചാരിച്ചിരുന്നതു് പ്രമേയം അയച്ചു കഴിഞ്ഞതിനുശേഷം അതിനടുത്ത ദിവസമോ മറേറാ നോട്ടീസ്സു് കൊടുത്താൽ അതു് നോട്ടീസ്സാകയില്ലെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം.

MR. PRESIDENT : മന്ത്രിക്കു് നോട്ടീസു് അയച്ചിട്ടില്ലെന്ന കാരണത്താൽ ഈ പ്രമേയം തള്ളിയിരിക്കുന്നു. അടുത്ത പ്രമേയവും മി. കണ്ണാറെ ഗോപാലപ്പണിക്കരുടേതാണു്.

"I move that the business of the Assembly be adjourned to discuss a matter of urgent Public importance *viz.*, the inability of the members of the Legislature to discharge their functions efficiently and properly due to the inaudibility of the Assembly Chamber".

MR. R. V. THOMAS : അടിയന്തിരപ്രമേയങ്ങളെല്ലാം ഇന്നലെ അയച്ചിരിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly